പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1550 **01-07-2026-ൽ മറുപടിയ്ക്ക്**

ഗോൾഡൻ അവർ പ്രോജക്ട്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. സേനാപതി വേണു

ശ്രീ. അബിൻ വർക്കി കോടിയാട്ട്

ശ്രീ. സി. വി. ശാന്തകുമാർ

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) ചികിത്സയിലെ കാലതാമസം ഒഴിവാക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗോൾഡൻ അവർ പ്രോജക്ട് സഹായകമാകുമോ;

മറുപടി:

ചികിത്സയിലെ കാലതാമസം ഒഴിവാക്കുന്നതിനും ചികിത്സയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗോൾഡൻ അവർ പ്രോജക്ട് സഹായകരമാകും. അപകടം സംഭവിച്ചതിനോ അടിയന്തര ആരോഗ്യപ്രശ്നം ആരംഭിച്ചതിനോ ശേഷമുള്ള നിർണായകമായ ആദ്യ മണിക്കൂറിനുള്ളിൽ (ഗോൾഡൻ അവർ) ട്രോമ ബാധിതർക്കും മറ്റ് ഗുരുതരാവസ്ഥയിലുള്ള രോഗികൾക്കും സമയബന്ധിതമായി അടിയന്തര ചികിത്സ ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ചികിത്സയിലെ കാലതാമസം കുറയ്ക്കുക, അടിയന്തര ചികിത്സാ സേവനങ്ങൾ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തുക, റഫറൽ സംവിധാനം മെച്ചപ്പെടുത്തുക, അതുവഴി രോഗികളുടെ ചികിത്സാഫലം മെച്ചപ്പെടുത്തുകയും മരണനിരക്ക് കുറയ്ക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം.

(ബി) അടിയന്തര വൈദ്യസഹായം ലഭ്യമാക്കുവാൻ ഉദ്ദേശിച്ചുള്ള ഗോൾഡൻ അവർ പ്രോജക്ടിൽ ഏതെല്ലാം തലത്തിലുള്ള ആശുപത്രികളെയും വകുപ്പുകളെയുമാണ് ഉൾപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ;

മറുപടി:

അപകടസ്ഥലത്ത് (ട്രോമ സംഭവിക്കുന്ന സ്ഥലം) നിന്ന് ട്രോമ സെന്റർ വരെയുള്ള ഏകീകൃത ആരോഗ്യസ്ഥാപന ശൃംഖലയാണ് ഗോൾഡൻ അവർ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, കൂടാതെ അവയുടെ അടിയന്തര ചികിത്സാ ശേഷി അനുസരിച്ച് തെരഞ്ഞെടുത്ത കുടുംബാരോഗ്യ കേന്ദ്രങ്ങൾ/പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവ ഈ ശൃംഖലയുടെ ഭാഗമായിരിക്കും. കൂടാതെ, രോഗികളുടെ സമയബന്ധിതമായ ഗതാഗതം, ട്രയാജ്, Stabilization, റഫറൽ, അന്തിമ ചികിത്സ എന്നിവ ഉറപ്പാക്കുന്നതിനായി അടിയന്തര ആംബുലൻസ് സേവനങ്ങൾ, പോലീസ്, ഫയർ ആൻഡ് റെസ്ക്യൂ സർവീസസ്, മറ്റ് ബന്ധപ്പെട്ട വകുപ്പുകൾ എന്നിവയുമായി ഫലപ്രദമായ ഏകോപനം ഉറപ്പാക്കുന്നതും പദ്ധതിയിൽ വിഭാവനം ചെയ്യുന്നു.

(സി) ആരോഗ്യസ്ഥാപനങ്ങളുടെ ഡിജിറ്റൽ ഏകോപനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ; ഒരു രോഗിയുടെ ചികിത്സാ റെക്കോർഡ് സൂക്ഷിക്കുകയും തുടർചികിത്സയ്ക്ക് ലഭ്യമാക്കുകയും ചെയ്യുവാൻ ഈ ഡിജിറ്റൽ ഏകോപനം വഴി സാധിക്കുമോ?

മറുപടി: ആരോഗ്യസ്ഥാപനങ്ങളുടെ ഡിജിറ്റൽ ഏകോപനത്തിനായി ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലൂടനീളം ആരോഗ്യ സേവനങ്ങളുടെ ഡിജിറ്റലൈസേഷൻ വ്യാപിപ്പിക്കുന്നതിനായി eHealth Hospital Management System (HMS) സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിൽ ഘട്ടംഘട്ടമായി നടപ്പിലാക്കി രോഗി രജിസ്ട്രേഷൻ, ഒ.പി. സേവനങ്ങൾ, ലബോറട്ടറി, clinical procedures, ഫാർമസി, ബില്ലിംഗ്, Electronic Health Records, Digital Payments എന്നിവയും IP Patient അഡ്മിഷൻ, Pay Ward Admission, ബെഡ് അലോക്കേഷൻ, ലാബ് ടെസ്റ്റ്, ഡിസ്ചാർജ് Summary തയ്യാറാക്കൽ എന്നിവയും ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്.

രോഗികളുടെ ചികിത്സാ റെക്കോർഡ് ഡിജിറ്റൽ ആയി സൂക്ഷിക്കുന്നതിനും ഭാവിയിലെ തുടർചികിത്സയ്ക്കും ആവശ്യങ്ങൾക്കും ലഭ്യമാക്കുവാനും ഈ ഡിജിറ്റൽ ഏകോപനം വഴി സാധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ